കൊറിയർ കമ്പനിയുമായി ചർച്ച

29 (375) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് സൗരോർജ്ജം ഉല്പാദിപ്പിച്ച് നൽകാമെന്നേറ്റ കൊറിയൻ കമ്പനിയായ ടാൻയോങ് എനർജി പ്രൈവറ്റ് ലിമിറഡ് കമ്പനിയുടെ പ്രതിനിധികളുമായി വൈദ്യുതി വകുപ്പുമന്ത്രി ചർച്ചകൾ നടത്തിയിരുന്നോ ;

(ബി) എങ്കിൽ ചർച്ചയിൽ കമ്പനിയെ പ്രതിനിധീകരിച്ച് പങ്കെടുത്തവരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്താമോ ;

(സി) ചർച്ചയുടെ അടിസ്ഥാനത്തിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

അധികമായി ഉൽപ്പാദിപ്പിച്ച വൈദ്യുതി

30 (376) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് ;

(ബി) എത്ര പുതിയ പവർ സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു ;

(സി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 36.06 MW വൈദ്യുതി

(ബി) 8 പുതിയ പവർ സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തു.

(സി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനു

LIBRARY ARCHIVES Kerala Legislative Assembly

കളുടെയും ലൈനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, പഴയ ലൈനുകളുടെ റീ കണ്ടക്ടറിംഗ് നടത്തുക തുടങ്ങിയ പ്രവൃത്തികളാണ് നടപ്പാക്കിവരുന്നത്. അതനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ രണ്ട് 220 കെ. വി. സബ്സ്റ്റേഷനുകളും ഒൻപത് 110 കെ.വി. സബ്സ്റ്റേഷനുകളും രണ്ട് 66 കെ. വി. സബ്സ്റ്റേഷനുകളും ഇരുപത് 33 കെ.വി. സബ്സ്റ്റേഷനുകളും പൂർത്തിയായി. കൂടാതെ 482.91 km ലൈൻ നിർമ്മാണവും പൂർത്തിയായി. സംസ്ഥാന സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസരണ പദ്ധതികൾ മുൻഗണനാക്രമത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം 39 പുതിയ സബ്സ്റ്റേഷനുകൾ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതിൽ രണ്ട് സബ്സ്റ്റേഷനുകൾ ഇതിനകം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.

ഡാമുകളുടെ സുരക്ഷ

31 (377) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന്റെ കീഴിലുള്ള ഡാമുകളുടെ സുരക്ഷയെ സംബന്ധിച്ച് പഠനം നടത്താൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) എങ്കിൽ സുരക്ഷപഠനത്തെ ഏത് ഏജൻസിയുടെ കീഴിലാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്നും ഇതിന് എന്ത് തുകയാണ് ബോർഡ് നീക്കിവെച്ചതെന്നും വെളിപ്പെടുത്താമോ ;

(സി) സുരക്ഷാപഠനത്തോടൊപ്പം തന്നെ ഡാമുകൾ തകർന്ന് അത്യാഹിതം സംഭവിച്ചാൽ സ്വീകരിക്കേണ്ട ബദൽ സംവിധാനത്തെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പഠന സംഘത്തിന് നിർദ്ദേശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെയും അത്യാവശ്യ സന്ദർഭങ്ങളിൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ സാമ്പത്തിക ഉപദേശത്തോടുകൂടിയും ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ (DRIP) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ഡാമുകളുടെ സുരക്ഷയും പുനരുദ്ധാരണത്തിനുമുള്ള ജോലികൾ ഉൾപ്പെടുത്തി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലോക ബാങ്കിന്റെ സഹായത്തോടുകൂടിയുള്ള പ്രസ്തുത പദ്ധതിക്ക് 153.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly